10143
3/5/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിൽ ചെലവായ തുകയുടെ ബില്ലുകൾ പാസ്സാക്കിയും തുക ആശുപത്രി അധികൃതർക്ക് നല്കുന്നതിന് കൊല്ലം ,തിരുവനന്തപുരം ജില്ലാ കളക്ടർമാർക്ക് അനുമതി നല്കിയും റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ഇല്ലാതെ തന്നെ 64,40,958/- രൂപ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച ധനകാര്യവകുപ്പിന്റെ നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി ആർ എഫ് - എ) വകുപ്പ്

ജി.ഒ.(എം.എസ്) നമ്പർ : 138 /2017/റവ. തിരുവനന്തപുരം തീയതി,27.04.2017

പരാമർശം:- 1) സ.ഉ.(കൈ)304/2016/റവ.തീയതി 20.04.2016
2) 19.10.2016 ലെ സ.ഉ.(സാധാ) 4375/2016/റവ നമ്പർ ഉത്തരവ്.
3) 02.02.2017 ലെ സ.ഉ.(സാധാ) 39/2017/റവ നമ്പർ ഉത്തരവ്
4) 17.02.2017 ലെ കൊല്ലം ജില്ലാ കളക്ടറുടെ എൻ.7/32000/2016 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കേറ്റവർക്ക് 50,000/- രൂപ വീതവും പരാമർശം ഒന്ന് പ്രകാരം അനുവദിച്ചിരുന്നു. ഗുരുതരമായി പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുവാനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളുടെ 25,49,790/- രൂപയുടെ ബില്ലുകൾ പാസ്സാക്കി ഒന്നാം ഘട്ടമായും 42,87,560/- രൂപയുടെ ബില്ലുകൾ പാസ്സാക്കി രണ്ടാം ഘട്ടമായും യഥാക്രമം പരാമർശം (2), (3) പ്രകാരം അനുവദിച്ചിരുന്നു.

2) തുടർന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളിലെ 39,98,644/- രൂപയുടെ ബില്ലുകൾ ആയത് അംഗീകരിച്ച് തുക അനുവദിക്കുന്നതിനുള്ള അനുമതിക്കായി കൊല്ലം ജില്ലാ കളക്ടർ വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ബില്ലിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. കൊല്ലം മെഡിസിറ്റി ആശുപത്രി (പ്രശാന്ത് കുമാർ, കാർത്തിക, കുറുമണ്ടൽ എന്നയാൾ ട്രാവൻകൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഐ.പി വിഭാഗത്തിൽ ചികിത്സ തേടിയ ഇനത്തിലേത്) | - | 58 112/- |
| 2. കൊല്ലം മെഡിസിറ്റി ആശുപത്രി ട്രാവൻകൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ | - | 37,483/- |

ഒ.പി. വിഭാഗം 37 പേർക്ക്)

3. കൊല്ലം മെഡിസിറ്റി ആശുപത്രി
(ട്രാവൻകൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ
ഐ.പി. വിഭാഗം 67 പേർക്ക്) - 39,03,049/-

39,98,644/-

3) കൂടാതെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ ബില്ലുകളുടെ തുകയേക്കാൾ 7 ശതമാനം കൂടിയ തുകയായ 64,40,958/- രൂപയുടെ സ്വകാര്യ ആശുപത്രി ബില്ലുകൾ തിരുവനന്തപുരം ജില്ലാ കളക്ടറും അംഗീകാരത്തിനായി സമർപ്പിച്ചു. ബില്ലിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹോസ്പിറ്റലിന്റെ പേര് | യഥാർത്ഥ ബിൽ തുക | നെഗോഷ്യേറ്റ് ചെയ്ത തുക | കളക്ടേറ്റിൽ തീരുമാനിച്ച തുക |
|---|---|---|---|
| കിംസ് ഹോസ്പിറ്റൽ | 79,39,775 | 51,84,341 | 55,47,245 |
| ചൈതന്യ ഐ ഹോസ്പിറ്റൽ | 39,400 | 26,280 | 28,120 |
| എസ്.യു.ടി ഹോസ്പിറ്റൽ | 4,57,863 | 2,92,070 | 3,12,515 |
| എസ്.പി.ഫോർട്ട് ഹോസ്പിറ്റൽ | 2,17,089 | 1,48,940 | 1,59,366 |
| എസ്.എസ്.എൻ.എം.എം.എച്ച്, വർക്കല | 89,779 | 60,639 | 64,884 |
| ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 3,28,828 | 3,28,828 | 3,28,828 (ബിൽ തുക അംഗീകരിച്ചതിനാൽ വർദ്ധനവ് ബാധകമല്ല) |
| **ആകെ** | **90,72,734** | **60,41,098** | **64,40,958** |

4. മുകളിൽ പറഞ്ഞ 64,40,958/- രൂപ ധനവകുപ്പ് തിരുവനന്തപുരം ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ഇല്ലാതെ തന്നെ നിക്ഷേപിച്ചിട്ടുണ്ട്.

5. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിൽ മുകളിൽ പറഞ്ഞതുപോലെ ആശുപത്രികൾക്ക് ചെലവായ 39,98,644/-, 64,40,958/- രൂപയുടെ ബില്ലുകൾ യഥാക്രമം കൊല്ലം ,തിരുവനന്തപുരം ജില്ലാ കളക്ടമാർ സമർപ്പിച്ചിട്ടുള്ളത് പാസ്സാക്കിയും തുക ആശുപത്രികൾക്ക് നൽകുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു. റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ഇല്ലാതെ തന്നെ 64,40,958/- രൂപ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച ധനകാര്യവകുപ്പിന്റെ നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) തുക അടിയന്തിരമായി ആശുപത്രികൾക്ക് നല്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീൽണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ് / റവന്യൂ (ഡി ആർ എഫ് - ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽഫയൽ/ഓഫീസ് കോപ്പി
പകർപ്പ് പൊതുഭരണ (എസ്.സി) വകുപ്പ്
(20.04.2017 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം.948 പ്രകാരം)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## (28) മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 20-04-2017

ഫയൽ നം.13013/ഡി.ആർ.എഫ്-എ1/2017/റവ. [illegible] ഇനം നം. 948 [illegible]

വിഷയം : റവന്യൂ വകുപ്പ് - കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ [illegible] വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിലുള്ള ബില്ലുകളുടെ തുക നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

(29) 35 pl. put up draft G.O 21/4

21/4/17

0948

കേരള സർക്കാർ

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 13013/ഡിആർഎഫ്. എ1/2017/റവ |
| 2 | വകുപ്പ് | : റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3 | വിഷയം | : കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിലുള്ള ബില്ലുകളുടെ തുക നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 05.04.2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിൻെറ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | : ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. ഷീല കെ എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. പി.എച്ച്. കുര്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12.04.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 13.04.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 18.04.2017 |
| 14 | കുറിപ്പിൻെറ പകർപ്പുകൾ സമർപ്പിച്ച തീയതി | : 19.04.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : |

# <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

(21) ~~1)~~ കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിലുള്ള ബില്ലുകളുടെ തുക നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

(22) ~~2)~~ കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കേറ്റവർക്ക് 50,000/- രൂപ വീതവും 20.04.2016-ലെ സ.ഉ.(കൈ)304/2016/റവ. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ഗുരുതരമായി പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുവാനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തി സ്വകാര്യ ആശുപത്രികളുടെ 25,49,790/- രൂപയുടെ ബില്ലുകൾ 19.10.2016-ലെ സ.ഉ.(സാധാ)4375/2016/റവ നമ്പർ ഉത്തരവ് പ്രകാരം പാസ്സാക്കി ഒന്നാം ഘട്ടമായും 42,87,560/- രൂപയുടെ ബില്ലുകൾ 02.02.2017-ലെ സ.ഉ.(കൈ)നം.39/17/റവ നമ്പർ ഉത്തരവ് പ്രകാരം രണ്ടാം ഘട്ടമായും അനുവദിച്ചിട്ടുണ്ട്.

(23) ~~3)~~ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളിലെ 39,98,644/- രൂപയുടെ ബില്ലുകൾ കൊല്ലം ജില്ലാ കളക്ടർ വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ബില്ലിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. കൊല്ലം മെഡിസിറ്റി ആശുപത്രി (പ്രശാന്ത് കുമാർ. കാർത്തിക, കുറുമണ്ടൽ എന്നയാൾ ട്രാവൻകൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഐ.പി. വിഭാഗത്തിൽ ചികിത്സ തേടിയ ഇനത്തിലേത്) | - | 58,112/- |
| 2. കൊല്ലം മെഡിസിറ്റി ആശുപത്രി (ട്രാവൻകൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഒ.പി. വിഭാഗം 37 പേർക്ക്) | - | 37,483/- |
| 3. കൊല്ലം മെഡിസിറ്റി ആശുപത്രി (ട്രാവൻകൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഐ.പി. വിഭാഗം 67 പേർക്ക്) | | 39,03,049/- |
| | | 39,98,644/- |

========

(24) 4) തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ ബില്ലുകളെക്കാൾ 7 ശതമാനം കൂടിയ തുകയായ 64,40,958/- രൂപയുടെ സ്വകാര്യ ആശുപത്രി ബില്ലുകൾ തിരുവനന്തപുരം ജില്ലാ കളക്ടറും സമർപ്പിച്ചിട്ടുണ്ട്. ബില്ലിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹോസ്പിറ്റലിന്റെ പേര് | യഥാർത്ഥ ബിൽ തുക | നെഗോഷ്യേറ്റ് ചെയ്ത തുക | കളക്ടേറ്റിൽ തീരുമാനിച്ച തുക |
|---|---|---|---|
| കിംസ് ഹോസ്പിറ്റൽ | 79,39,775 | 51,84,341 | 55,47,245 |
| ചൈതന്യ ഐ ഹോസ്പിറ്റൽ | 39,400 | 26,280 | 28,120 |
| എസ്.യു.ടി ഹോസ്പിറ്റൽ | 4,57,863 | 2,92,070 | 3,12,515 |
| എസ്.പി.ഫോർട്ട് ഹോസ്പിറ്റൽ | 2,17,089 | 1,48,940 | 1,59,366 |
| എസ്.എസ്.എൻ.എം.എം.എച്ച്, വർക്കല | 89,779 | 60,639 | 64,884 |
| ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 3,28,828 | 3,28,828 | 3,28,828 (ബിൽ തുക അംഗീകരിച്ചതിനാൽ വർദ്ധനവ് ബാധകമല്ല) |
| **ആകെ** | **90,72,734** | **60,41,098** | **64,40,958** |

(25) 5. മുകളിൽ പറഞ്ഞ 64,40,958/- രൂപ ധനവകുപ്പ് തിരുവനന്തപുരം ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ഇല്ലാതെ തന്നെ നിക്ഷേപിച്ചിട്ടുണ്ട്.

(26) 6. ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചാക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായി.

(27) **തീരുമാനിക്കേണ്ട വിഷയം**

1. കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിൽ ആശുപത്രികൾക്ക് ചെലവായ 39,98,644/-, 64,40,958/- രൂപയുടെ ബില്ലുകൾ യഥാക്രമം കൊല്ലം ജില്ലാ കളക്ടർ, തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ളത് പാസ്സാക്കി തുക

നൽകുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ?

2. റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ഇല്ലാതെ തന്നെ 64,40,958/- രൂപ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച ധനകാര്യവകുപ്പിന്റെ നടപടി സാധൂകരിക്കാമോ?